**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 836** **10-06-2021 - ൽ മറുപടിയ്ക്ക്**

**പാറപ്പുറം - വല്ലംകടവ് പാലത്തിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ആലുവ നിയോജക മണ്ഡലത്തിലെ പാറപ്പുറം - വല്ലംകടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം കൊടുക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലെ സി2/138/2020 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ പാറപ്പുറം - വല്ലംകടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കലിനായി സർക്കാർ അനുവദിച്ചിരുന്ന 3,50,00,000/- രൂപയിൽ നീക്കിയിരിപ്പ് ആയി ഉണ്ടായിരുന്ന 64,98,772/- രൂപ തിരികെ തഹസീൽദാരുടെ ടി എസ് ബി അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനുവേണ്ടിയാണ് പൊതുമരാമത്ത് (സി) വകുപ്പിൽ സി2/138/2020-PWD എന്ന ഫയൽ ആരംഭിച്ചത്. ടി ഫയൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരുന്നു. എന്നാൽ പുതിയ സാമ്പത്തിക വർഷത്തിൽ ഫയൽ വീണ്ടും സമർപ്പിക്കുക എന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഫയൽ തിരികെ നൽകിയിരുന്നു. ടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സാമ്പത്തിക വർഷത്തിൽ (2021-2022) ടി ഫയലിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ധനകാര്യ വകുപ്പിലേയ്ക്ക് വീണ്ടും അയച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിലെ നടപടിക്രമം പൂർത്തിയായലുടൻ സർക്കാർ തിരികെയെടുത്ത തുക സ്പെഷ്യൽ തഹസീൽദാരുടെ ടി.എസ്.ബി അക്കൗണ്ടിൽ തിരികെ ലഭ്യമാകുന്നതാണ്. |
| (ബി) | എന്നത്തേയ്ക്ക് നഷ്ടപരിഹാരം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | എറണാകുളം ജില്ലയിലെ പാറപ്പുറം - വല്ലംകടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കലിനായി സർക്കാർ അനുവദിച്ചിരുന്ന 3,50,00,000/- രൂപയിൽ നീക്കിയിരിപ്പ് ആയി ഉണ്ടായിരുന്ന 64,98,772/- രൂപ തിരികെ തഹസീൽദാരുടെ ടി എസ് ബി അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനുവേണ്ടിയാണ് പൊതുമരാമത്ത് (സി) വകുപ്പിൽ സി2/138/2020-PWD എന്ന ഫയൽ ആരംഭിച്ചത്. ടി ഫയൽ കഴിഞ്ഞ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തിൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരുന്നു. എന്നാൽ പുതിയ സാമ്പത്തിക വർഷത്തിൽ ഫയൽ വീണ്ടും സമർപ്പിക്കുക എന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഫയൽ തിരികെ നൽകിയിരുന്നു. ടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സാമ്പത്തിക വർഷത്തിൽ (2021-2022) ടി ഫയലിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ധനകാര്യ വകുപ്പിലേയ്ക്ക് വീണ്ടും അയച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിലെ നടപടിക്രമം പൂർത്തിയായലുടൻ സർക്കാർ തിരികെയെടുത്ത തുക സ്പെഷ്യൽ തഹസീൽദാരുടെ ടി.എസ്.ബി അക്കൗണ്ടിൽ തിരികെ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ